ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കോൺട്രാക്ടർ അപ്പീൽ കൊടുത്തതിനെ ത്തുടർന്നാണ് അല്പം താമസിച്ചു പോയത്. താമസിച്ചു പോയി എന്നുള്ളത് കുറ്റകരമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണം.

പ്രൊഫ. കെ. വി. തോമസ്: വിജിലൻസ് കേസ് എത്രയും വേഗം പൂർത്തീകരിക്കികയോ വിജിലൻസ് കേസ് മുന്നോട്ട് പോകുന്നുണ്ടെങ്കിൽ അത് നടക്കുന്ന സന്ദർഭത്തിൽത്തന്നെ ഇതിന്റെ പണി പൂർത്തീകരിക്കുകയോ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ ചില ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് അപാകതകൾ ഉണ്ടായിട്ടുണ്ട്. അവർക്കെതിരെ ശക്തമായ നടപടികൾ ഗവൺമെന്റ് എടുക്കും. അടിയന്തിരമായി ആറു മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവ് ഫിഷറീസ് ഡയറക്ടർക്ക് കൊടുത്തിട്ടുണ്ട്.

(3) പെരിയാർവാലി കനാൽബണ്ടുകളും കനാൽബണ്ട് റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി

ശ്രീ. സാജു പോൾ: എറണാകുളം ജില്ലയിൽ എട്ട് നിയോജക മണ്ഡലങ്ങളിലായി എഴുന്നൂറ്റിയമ്പതോളം കിലോമീറ്റർ നീളത്തിലുള്ള പെരിയാർവാലി പദ്ധതിയുടെ കനാൽ ബണ്ട് റോഡുകൾ തകർന്നു കിടക്കുകയാണ്. 1964-നു മുമ്പ് ഈ കനാലുകൾ നിർമ്മിച്ചപ്പോൾ ഇൻസ്പെക്ഷൻ റോഡുകളായിരുന്നുവെങ്കിൽ ഇപ്പോൾ അനേകായിരം ആളുകളുടെ ഗതാഗത ആവശ്യംകൂടി നിർവ്വഹിക്കുവാനുള്ള പ്രധാന ഉപാധി കളാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ ഏതാണ്ട് ഏഴു കോടിയോളം രൂപ ഭൂതത്താൻകെട്ടിലെ ഷട്ടർ നന്നാക്കുന്നതിന് ഉൾപ്പെടെ പെരിയാർവാലിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്പോൾ കനാൽ ബണ്ട് റോഡുകൾ തകർന്ന് കിടക്കുന്നതുമൂലം കനാലുകളാകെ ഭാവിയിൽ ഉപയോഗശൂന്യമാകുന്ന അവസ്ഥ സംജാതമായിരിക്കുന്നു. അതുകൊണ്ട് ഏറ്റവും പെട്ടെന്ന് പത്തുകോടി രൂപയെങ്കിലും അനുവദിച്ച് എറണാകുളം ജില്ലയിൽ എട്ടു മണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നം പരിഹരിക്കണം. ബഹുമാനപ്പെട്ട മന്ത്രി മൂവാറ്റുപുഴ വാലിയിൽ അടക്കം വളരെ താല്പര്യപൂർവ്വം ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ആ മൂവാറ്റുപുഴ വാലിയിൽ തേങ്ങാ ഉടയ്ക്കുമ്പോൾ പെരിയാർ വാലിയിൽ ചിരട്ടയെങ്കിലും ഉടച്ചാൽ പ്രശ്നം തീരും. അതുകൊണ്ട് പത്തു കോടി രൂപ ചെലവഴിച്ച് കനാൽ ബണ്ടുകൾ സഞ്ചാര യോഗ്യമാക്കി ഞങ്ങളെ ഈ തീരാദുരിതത്തിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട സാജു പെരിയാർവാലി പ്രോജക്ടിന്റെ കനാൽ ബണ്ട് റോഡുകളെ കുറിച്ചാണ് പറഞ്ഞത്. ശ്രീ. സാജുപോൾ പറയുമ്പോൾ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ മാത്രമുള്ള പ്രോജക്ടാണ് ഇത് എന്ന് തോന്നും. എന്റെ നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽകൂടി കനാൽ കടന്നു പോകുന്നുണ്ട്. മൂവാറ്റുപുഴയുണ്ട്. എറണാകുളം ജില്ലയുടെ ഒരു വലിയ ഭാഗം, എട്ട് നിയോജക മണ്ഡലങ്ങൾ ഈ പ്രോജക്ടിന് കീഴിൽ വരുന്നുണ്ട്. എട്ട് മണ്ഡലങ്ങളിൽക്കൂടി ഇത് കടന്നു പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബൃഹത്തായ കനാൽ സിസ്റ്റമുള്ള ഒരു വലിയ പ്രോജക്ട് ആണ് പെരിയാർവാലി. ശ്രീ. സാജുപോൾ പറഞ്ഞതുപോലെ 750 കിലോമീറ്റർ കനാൽ റോഡില്ല. 450 കിലോമീറ്റർ കനാൽ ബണ്ട് റോഡ് ആണുള്ളത്. അതിൽ 200 കിലോമീറ്റർ ടാർ ചെയ്തതാണ്. 80 കിലോമീറ്റർ മെറ്റൽ ചെയ്തതാണ്. നൂറ്റി എഴുപത് കിലോമീറ്റർ മണ്ണ് റോഡാണ്. ഈ പ്രോജക്ട് നടന്നുവന്ന സമയത്ത് ഇതിനെല്ലാം പണമുണ്ടായിരുന്നു, പ്രോജക്ടിൽ തന്നെ ചാർജ് ചെയ്തു പണികൾ ചെയ്തു. ഇപ്പോൾ പ്രോജക്ട് കമ്മീഷൻ ചെയ്തു. കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിക്കു കൈമാറിയ ഒരു പ്രോജക്ട് ആണ് പെരിയാർവാലി. ഈ വർഷം 390 ലക്ഷം രൂപ കനാലുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് എടുക്കാൻ ഉദ്യോഗസ്ഥന്മാരോട് പറഞ്ഞു. ഈ റോഡുകളൊക്കെ നന്നാക്കണമെങ്കിൽ മൊത്തം അഞ്ചുകോടി രൂപ വേണ്ടി വരും. എന്തായാലും ഇപ്രാവശ്യം കുറെ റോഡുകൾ നന്നാക്കാം. എനിക്ക് അവിടുത്തെ പ്രശ്നങ്ങൾ അറിയാം. പല സ്ഥലത്തും ആളുകൾക്ക് നടക്കുവാൻ പോലും വയ്യാത്ത സ്ഥിതിയുണ്ട്. ഈ ബണ്ട് റോഡ് ഉപയോഗിച്ചു തന്നെയാണ് അവിടെ വാഹന ഗതാഗതം നടക്കുന്നത്. അതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് തീർച്ചയായിട്ടും കുറെയേറെ സ്ഥലങ്ങളിൽ ബണ്ട് റോഡുകൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(4) മാനന്തവാടി ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീമതി രാധാരാഘവൻ: വയനാട് ജില്ലാ ആശുപത്രി അതിശോചനീയമായ വിധത്തിൽ ആണ് നിലനില്ക്കുന്നത്. താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെ ഉള്ളത്. ആദിവാസികളും പാവപ്പെട്ടവരും ചികിത്സയ്ക്കായി ജില്ലാ ആശുപത്രിയിൽ എത്തിയാൽ വേണ്ടത്ര ഡോക്ടർമാരില്ല, മരുന്നുകളില്ല, കിടക്കകളും ഇല്ല. ഒരു ബെഡിൽ രണ്ടും മൂന്നും രോഗികളാണ് അവിടെ കിടക്കുന്നത്. ഇരുന്നൂറ്റി എഴുപത് ബെഡ്ഡുകളാണ് ഇപ്പോൾ ആശുപത്രിയിൽ ഉള്ളത്. അത് അഞ്ഞൂറ് ആയി ഉയർത്തണം. ആനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരെയും നിയമിക്കണം. ഒ. പി. ബ്ലോക്ക് തുടങ്ങണം. മെയിൽ, ഫീമെയിൽ വാർഡുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കണം. കാർഡിയോളജിക്കും ന്യൂറോ സർജറിക്കും പ്രത്യേകം വിഭാഗം തുടങ്ങണം. വിദഗ്ദ്ധരായ ഡോക്ടർമാരെ നിയമിക്കണം. ആവശ്യത്തിന് മരുന്ന് കൊടുക്കണം. പോസ്റ്റ്മോർട്ടം നടത്തുന്നതിനായി ഒരു പോലീസ് സർജനെ നിയമിക്കണം. ഇത്രയും നടപടികൾ ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): 1924-ൽ മാനന്തവാടിയിൽ സ്ഥാപിച്ച താലൂക്ക് ആശുപത്രി 1980-ൽ ജില്ലാ ആശുപത്രിയായി ഉയർത്തുകയുണ്ടായി. 274 കിടക്കകളുള്ള ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഒഫ്താൽമോളജി, ഇ.എൻ.ടി., ഓർത്തോപീഡിക്, അനസ്തേഷ്യോളജി, സൈക്യാട്രി, ദന്തൽ, എന്നീ വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സൂപ്രണ്ട് ഉൾപ്പെടെ മുപ്പത് ഡോക്ടർമാർ ഉള്ള ഈ ആശുപത്രിയിൽ മൂന്ന് ഫിസിഷ്യൻ, അഞ്ച് ഗൈനക്കോളജിസ്റ്റ്, ഇ.എൻ.ടി.-യിൽ മൂന്നുപേരും, പീടിയാട്രിക്സ്, അനസ്തേഷ്യ, സൈക്യാട്രി എന്നീ വിഭാഗത്തിൽ ഓരോ ഡോക്ടർമാരും സർജറി,

LIBRARY ARCHIVES Kerala Legislative Assembly